കാഴ്ചബംഗ്ലാവിലെ മൃഗങ്ങളുടെ മരണം

315 (689) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം, തൃശ്ശൂർ എന്നീ കാഴ്ചബംഗ്ലാവുകളിൽ ഇക്കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ മരണപ്പെട്ടിട്ടുള്ള ജീവികളുടെ ഇനം തിരിച്ചുള്ള പട്ടിക വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(ബി) കാഴ്ചബംഗ്ലാവുകളിലെ സൗകര്യക്കുറവുകളാണ് പ്രസ്തുത മരണങ്ങൾക്ക് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളിൽ നിന്നും കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ മരണപ്പെട്ടിട്ടുള്ള ജീവികളുടെ ഇനം തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.

(ബി & സി) മൃഗശാലകളിലെ സൗകര്യക്കുറവുകൾമൂലം ജീവികൾ മരണപ്പെടുന്നില്ല. ജീവികളെ സംരക്ഷിക്കുന്നതിനായി കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ നിബന്ധനകൾ പ്രകാരം അവയുടെ പരിബന്ധനങ്ങളിൽ തനത് ആവാസ വ്യവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിലുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ആയത് കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നുമുണ്ട്. ആരോഗ്യ പരിപാലനത്തിനും വംശവർദ്ധനവിനുംവേണ്ടി അനുയോജ്യമായ പോഷകഘടകങ്ങളടങ്ങിയ ആഹാര പദാർത്ഥങ്ങൾ മൃഗശാലാ ഡോക്ടറുടെ നേതൃത്വത്തിൽ നൽകിവരുന്നുണ്ട്. കൂടാതെ ഏതെങ്കിലും തരത്തിലുള്ള രോഗങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയതിനും ചികിത്സകൾ യഥാവിധി നൽകിവരുന്നുണ്ട്. കൂടുതൽ ജീവികളും പ്രായാധിക്യം മൂലമാണ് മരണപ്പെട്ടിട്ടുള്ളത്.

(652, 653, 654, 668, 671, 676, 682 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly